classmate
Date
Page

# സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

## എ എം എൽ പി എസ്
## കടകശ്ശേരി

# വിദ്യാലയ ചരിത്രം

തൃക്കണാപുരം അംശം കടകശ്ശേരി ദേശത്ത് 1927ൽ ശ്രീമാൻ പി. കെ നാരായണൻ നായർ സ്ഥാപിച്ച ഏകാധ്യാപക വിദ്യാലയം ക്രമേണ കടകശ്ശേരി മാപ്പിള ലോവർ പ്രൈമറി സ്കൂളായി മാറി പിന്നീട് സ്കൂൾ കടകശ്ശേരിയിൽ നിന്ന് അയങ്കലത്തേക്ക് മാറ്റപ്പെട്ടു.

ആദ്യകാലത്ത് മതപാഠശാലയിലെ അധ്യാപകരും സ്കൂൾ അധ്യാപകരും ഒരു ചരടിൽ കോർത്ത കണ്ണികളായിരുന്നു. ഇത് വിദ്യാഭ്യാസ പുരോഗതിക്കും സാമുദായിക പുരോഗതിക്കും നാന്ദികുറിക്കുകയുണ്ടായി 1973ൽ പുതിയ കെട്ടിടം നിർമ്മിക്കുകയും കൂടുതൽ പഠനസൗകര്യം ഒരുക്കിക്കൊണ്ട് 8 ഡിവിഷനുകൾ ആരംഭിക്കുകയും ചെയ്തു.

ഈ അധ്യയന വർഷം വിദ്യാലയം വലിയ മാറ്റത്തിനൊരുങ്ങി. അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഇരുനില കെട്ടിടവും മറ്റു സംവിധാനങ്ങളുമൊരുക്കി വിദ്യാലയത്തിന്റെ മുഖഛായ തന്നെ മാറുകയാണ്. പുറംമോടിയിൽ മാത്രമൊതുങ്ങാതെ പുത്തൻ ആശയങ്ങളുമായി ഇതര അക്കാദമിക പ്രവർത്തനങ്ങളും ഒരുങ്ങുന്നു.

classmate
Date
Page

# വിദ്യാലയത്തിന്റെ അടിസ്ഥാന - വിവരങ്ങൾ -

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | എ.എം.എൽ.പി.എസ് കടകശ്ശേരി |
| സ്ഥാപിതമായത് | 1927 |
| സ്കൂൾ കാറ്റഗറി | പ്രൈമറി |
| ജില്ല | മലപ്പുറം |
| ബ്ലോക്ക് | പൊന്നാനി |
| പഞ്ചായത്ത് | തവനൂർ |
| സബ്ജില്ല | എടപ്പാൾ |
| ക്ലസ്റ്റർ | തവനൂർ |
| ഹെഡ്മിസ്ട്രസ് | സുഗതകുമാരി.കെ |
| SRG കൺവീനർ | അശ്വതി. എസ് |
| സ്റ്റാഫ് സെക്രട്ടറി | ദെബിൽ ദാസ്. പി. |
| അധ്യാപകരുടെ എണ്ണം | 9 |
| കുട്ടികളുടെ എണ്ണം | |
| PTA പ്രസിഡന്റ് | |
| MTA പ്രസിഡന്റ് | |
| പഞ്ചായത്ത് പ്രസിഡന്റ് | സി.പി. നസീറ |
| വാർഡ് മെമ്പർ | ബിന്ദു. കെ.പി |
| സ്കൂൾ ലീഡർ | |

# ലക്ഷ്യങ്ങൾ

- ✫ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.
- ✫ കുട്ടികളുടെ സർഗ്ഗാത്മകവും അക്കാദമികപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് മികവുറ്റ പൗരന്മാരെ വളർത്തും
- ✫ എല്ലാ കുട്ടികൾക്കും മലയാളം - ഇംഗ്ലീഷ് സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തും.
- ✫ ശുചിത്വം, ദിനാചരണം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കും.
- ✫ പഠന- പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

classmate

Date
Page

# പ്രവർത്തന മേഖലകൾ

* ഭാഷാവികാസം
  മലയാളം, ഇംഗ്ലീഷ്
* ശാസ്ത്രം
* ഗണിതം
* പ്രവൃത്തിപരിചയം
* കലാകായികം
* ആരോഗ്യം.

classmate
Date
Page

# പ്രവർത്തന കലണ്ടർ

| പരിപാടിയുടെ പേര് | കാലയളവ് |
| --- | --- |
| 1. Abacus പരിശീലനം | ജൂൺ – മാർച്ച് |
| 2. Zumba/Aerobic dance പരിശീലനം | ജൂൺ – മാർച്ച്. |
| 3. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം | ജൂൺ – മാർച്ച് |
| ✲ ഹരിതക്ലബ് | |
| ✲ ശാസ്ത്രക്ലബ് | |
| ✲ ഹെൽത്ത് ക്ലബ് | |
| ✲ സുരക്ഷാക്ലബ് | |
| ✲ ഭാഷാക്ലബ് | |
| ✲ വിദ്യാരംഗം | |
| ✲ ബാലസഭ | |
| ✲ ഗണിതക്ലബ് | |
| 4. ക്ലാസ് തലത്തിൽ പ്രവർത്തനങ്ങൾ. | ജൂൺ – മാർച്ച്. |
| 5. ഇംഗ്ലീഷ് ബാലസഭ, ഇംഗ്ലീഷ് അസംബ്ലി | ജൂൺ – മാർച്ച് |
| 6. ക്ലാസ് ലൈബ്രറി വികസനം | ജൂൺ – മാർച്ച്. |
| 7. മാഗസിൻ. | ജൂൺ – മാർച്ച്. |
| 8. വിവിധതരം ക്യാമ്പുകൾ/ ശിൽപശാലകൾ. | ജൂൺ – മാർച്ച്. |
| 9. ഗണിത പ്രവർത്തനങ്ങൾ | ജൂൺ – മാർച്ച് |
| 10. മലയാളം മധുരം | ജൂൺ – മാർച്ച്. |

# പ്രവർത്തനം 1
## അബാക്കസ് പരിശീലനം

ലക്ഷ്യം :- ഗണിത ചിന്താശേഷി വളർത്തൽ
ഗണിതം ലളിതം രസകരമാക്കൽ.

പ്രവർത്തനം :-
അബാക്കസ് പരിശീലനം ലഭിച്ചവരുടെ സഹായത്തോടെ വിദ്യാലയത്തിൽ അബാക്കസ് പരിശീലനക്ലാസ് കുട്ടികൾക്ക് ആയി സംഘടിപ്പിക്കുന്നു.

കാലം :-
ജൂൺ - മാർച്ച്
ആഴ്ചയിൽ ഒരുദിവസം.

ചുമതല :-
SRG, PTA.

# പ്രവർത്തനം 2

## Zumba/Aerobic dance പരിശീലനം

**ലക്ഷ്യം:-** കുട്ടികളുടെ ആരോഗ്യം, കായിക ക്ഷമത, എന്നിവ വർദ്ധിപ്പിക്കുന്നതിനും വ്യായാമമുറകൾ പരിചയപ്പെടുന്നതിനും.

**പ്രവർത്തനങ്ങൾ:-**

ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങളോടനുബന്ധിച്ച് CRC കോർഡിനേറ്റർ വിശ്വംഭരൻ മാസ്റ്ററുടെ നേതൃത്വത്തിൽ Zumba/aerobic പരിശീലനം വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കായി നൽകുന്നു. തുടർന്ന് ക്ലാസിൽ ആഴ്ചയിൽ 2 പ്രാവശ്യം P.E പീരിയഡുകളിൽ Zumba ക്ലാസുകൾ ക്ലാസ് ടീച്ചർമാരുടെ നേതൃത്വത്തിൽ നടത്തുന്നു.

**കാലം:-**

ജൂൺ - മാർച്ച്
ആഴ്ചയിൽ രണ്ട് ദിവസം.

**ചുമതല:-**

മുഴുവൻ അധ്യാപകരും.

# പ്രവർത്തനം: 3

# വിവിധ ക്ലബുകളുടെ പ്രവർത്തനം

**ലക്ഷ്യം:-** ഭാഷാ, ശാസ്ത്രം, ഗണിതം, പ്രവൃത്തിപരിചയം, കലാ-കായികം, ആരോഗ്യമേഖലകളിൽ കുട്ടികളുടെ പരിപൂർണ്ണവികാസം.

**പ്രവർത്തനങ്ങൾ:-**

ഹരിതം, ശാസ്ത്രം, ഭാഷ, വിദ്യാരംഗം, ബാലസഭ, ഹെൽത്ത്ക്ലബ്, ഗണിതക്ലബ്, സുരക്ഷ, ക്ലബ് തുടങ്ങിയവ രൂപീകരിക്കുകയും കുട്ടികളെ വിവിധക്ലബുകളിൽ അംഗമാക്കി അധ്യാപകർക്ക് ചുമതല നൽകി ഒരുവർഷക്കാലയളവിൽ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

**കാലം:-**

ജൂൺ – മാർച്ച്

**ചുമതല:-**

ക്ലബ് ചുമതലയുള്ള അധ്യാപകർ.

# പ്രവർത്തനം 4

## ക്ലാസ്തല തനത് പ്രവർത്തനങ്ങൾ:-

ലക്ഷ്യം:-

ഓരോ ക്ലാസിലും പഠിച്ചേരുന്ന കുട്ടികൾ അതാത് ക്ലാസിൽ നേടേണ്ടശേഷികൾ ഉറപ്പിക്കുന്നതിന്.

പ്രവർത്തനങ്ങൾ:-

STD 1 EASY ENGLISH

ഇംഗ്ലീഷ് കണ്ടും കേട്ടും അനുഭവങ്ങൾ നേടൽ
സംയുക്തഡയറി- കുട്ടിയും അമ്മയും ചേർന്നെഴുതുന്ന ഡയറി.
രചനോത്സവം, വായനോത്സവം:- വായനക്കും രചനക്കും വ്യത്യസ്തതലങ്ങൾ ഒരുക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ.

STD 2 മലയാള മധുരം, Hai English

മലയാളത്തിലും ഇംഗ്ലീഷിലും ഭാഷാവികസനശേഷി ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ Toppest, Avarage, below avarage എന്നീ തലങ്ങളിൽ അനുയോജ്യമായ രീതിയിൽ നൽകുന്നു.

STD 3 വ്യക്തിഗത മാഗസിൻ

കുട്ടികളുടെ രചനകൾ സർഗാത്മകതകൾ, ക്ലാസ്തല പ്രവർത്തനങ്ങൾ എല്ലാം കൂട്ടിച്ചേർത്തു കൊണ്ട് വ്യക്തിഗത മാഗസിൻ തയ്യാറാക്കുന്നു.

STD 4 മാഗസിൻ

എല്ലാവരുടെയും രചനകളും സർഗാത്മകതയും ക്ലാസ്തലപ്രവർത്തനങ്ങളും ഉൾപ്പെടുത്തിയുള്ള മാഗസിൻ നിർമ്മാണം.

# പ്രവർത്തനം 5

## ഇംഗ്ലീഷ് ബോർഡ്, ഇംഗ്ലീഷ് അസംബ്ലി

ലക്ഷ്യം:- ഇംഗ്ലീഷ് ഭാഷയിൽ കൂടുതൽ പ്രാവീണ്യം നേടുന്നതിന്. ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം ഒരുക്കുന്നതിന്.

**പ്രവർത്തനങ്ങൾ:-**

ആഴ്ചയിലെ രണ്ട് അസംബ്ലികളിൽ ഒന്ന് ഇംഗ്ലീഷിൽ നടത്താം. കുട്ടികൾ തന്നെ അസംബ്ലി conduct ചെയ്യുന്നു. New, Quotes തുടങ്ങിയവ അവതരിപ്പിക്കൽ. Day celebration speech, poems തുടങ്ങിയവയും അവതരിപ്പിക്കാം. ബോർഡിൽ കഴിയുന്നവയും ഇംഗ്ലീഷ് ബോർഡായി അവതരിപ്പിക്കാം. ക്ലാസുകളിലെ മികച്ച പ്രവർത്തനങ്ങളും ഉൾപ്പെടുത്താം.

**കാലം:-**

ജൂൺ - മാർച്ച്

അസംബ്ലി } ആഴ്ചയിൽ ഒന്ന് /
ബോർഡ് } മാസത്തിൽ ഒന്ന്

**ചുമതല:-**

എല്ലാ അധ്യാപകരും
ബോർഡ് കൺവീനർ.

classmate
Date
Page

# പ്രവർത്തനം 6

## ക്ലാസ്തല ലൈബ്രറി വികസനം.

ലക്ഷ്യം:- വായനാശേഷി വളർത്തൽ.

പ്രവർത്തനങ്ങൾ:- ഓരോ ക്ലാസിലും ക്ലാസ് തലത്തിൽ കുട്ടികൾക്ക് വായിക്കാൻ കഴിയുന്ന തരത്തിലുള്ള പുസ്തകങ്ങളും മാഗസിനുകളും ഉൾപ്പെടുത്തി ക്ലാസ് ലൈബ്രറി ഒരുക്കുന്നു. ലൈബ്രറിയെ അടിസ്ഥാനമാക്കി വായനാകുറിപ്പുകൾ, വായനാമത്സരം, ക്വിസ് തുടങ്ങിയ മത്സരങ്ങളും നടത്തുന്നു.

കാലം:-
ജൂൺ - മാർച്ച്

ചുമതല:-
ക്ലാസ് അധ്യാപകർ.

# പ്രവർത്തനം 7

## മാഗസിൻ

**ലക്ഷ്യം :-** വിവിധ സാഹിത്യരൂപങ്ങളിൽ ആശയം പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കൽ, രചനാശേഷി, സർഗ്ഗാത്മകത വർദ്ധിപ്പിക്കൽ.

**പ്രവർത്തനം :-**

ഓരോ ക്ലാസിലെയും രചനകൾ ചേർത്ത് ക്ലാസ്തല മാഗസിൻ, സ്കൂൾതല മാഗസിൻ എന്നിവ തയ്യാറാക്കുന്നു. സ്കൂളിലെ മികവുകൾ, രക്ഷിതാക്കളുടെയും അധ്യാപകരുടെയും രചനകൾ എന്നിവയെല്ലാം ചേർത്ത് വർഷാവസാനത്തിൽ മാഗസിൻ തയ്യാറാക്കുന്നു. മലയാളം, ഇംഗ്ലീഷ്, അറബിക് ഭാഷകളിലെ രചനകളും ഉൾപ്പെടുത്തുന്നു.

**കാലം :-**

വർഷത്തിൽ 3 തവണ

**ചുമതല :-**

അധ്യാപകർ.

# പ്രവർത്തനം 8

## വിവിധ ക്യാമ്പുകൾ/ ശില്പശാലകൾ

**ലക്ഷ്യം:-** രചന, വായന, പ്രവൃത്തിപരിചയം, കല, കായികം തുടങ്ങിയ മേഖലകളിൽ മികവ് പുലർത്തുന്നതിന്.

**പ്രവർത്തനം:-**

വ്യത്യസ്ത മേഖലകളിൽ മികവ് പുലർത്തുന്നതിനായി വിദഗ്ധരുടെ സേവനം തേടുന്നു. അവരുടെ നേതൃത്വത്തിൽ വ്യത്യസ്തതയുള്ള ക്യാമ്പുകളും ശില്പശാലകളും നടത്തി കുട്ടികളുടെ വ്യത്യസ്ത ശേഷി വികാസങ്ങൾക്ക് അവസരം നൽകുന്നു.

**കാലം:-**

ജൂൺ - മാർച്ച്

**ഉത്തരവാദി:-**

എല്ലാ അധ്യാപകരും വിവിധ ക്ലബ്ബുകളുടെ കൺവീനർമാരും.

classmate
Date
Page

# പ്രവർത്തനം 9

## ഗണിത പ്രവർത്തനങ്ങൾ

**ലക്ഷ്യം:-** ഗണിതം രസകരമാക്കൽ
ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികളെയും പഠനത്തിൽ പങ്കാളികളാക്കൽ

**പ്രവർത്തനങ്ങൾ:.**

**ഗണിതകോർണർ:-** എല്ലാ ക്ലാസ്മുറികളിലും പാഠഭാഗത്തിനനുസരിച്ചുള്ള പഠനോപകരണങ്ങൾ ഉൾപ്പെടുത്തി ഗണിതകോർണറുകൾ തയ്യാറാക്കുന്നു.

**ഗണിതകിറ്റ്:-** എല്ലാകുട്ടികൾക്കും സ്വന്തമായി ഗണിതകിറ്റുകൾ സജ്ജീകരിക്കൽ

**ഗണിതകേളികൾ:-**
ഗണിതപഠനം രസകരമാക്കുന്ന ഗണിതകളികൾ സംഘടിപ്പിക്കുന്നു.

**ഗണിതമേള:-** കുട്ടികളുടെ ഗണിത അഭിരുചികൾ കണ്ടെത്തുന്നതിനായി വിദ്യാലയതല ഗണിതമേളകൾ/ ക്ലാസ്തലം സംഘടിപ്പിക്കുന്നു.

# പ്രവർത്തനം 10
# മലയാളം മധുരം

**ലക്ഷ്യം:-** എല്ലാകുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു.. എഴുതുന്നു...
ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ
സ്വതന്ത്രരചനകളിൽ ഏർപ്പെടൽ

**പ്രവർത്തനങ്ങൾ:-**

**ചുവടുകൾ** - പഠനപ്രയാസം നേരിടുന്ന കുട്ടികൾക്കായുള്ള ഈ വിദ്യാലയത്തിന്റെ പ്രത്യേക പഠനപരിപോഷണ പദ്ധതി. പിന്നോക്കക്കാർക്കായി പ്രത്യേക ക്ലാസുകൾ പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി ക്ലാസുകൾ നടത്തുന്നു.

**ഭാഷാകേളികൾ:-** അക്ഷരകേളി, കവിതാകേളി, കഥയരങ്ങ് തുടങ്ങി ഭാഷാതാത്പര്യം ജനിപ്പിക്കുന്ന വിവിധ പരിപാടികൾ ഒരുക്കുന്നു.

**രചനാമത്സരങ്ങൾ:-** ഭാഷാവികാസം ഉറപ്പുവരുത്തുന്നതിനായി വിവിധ രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. പോസ്റ്റർ, കഥ, കവിത, ചിത്രം, വായനാകുറിപ്പ് പതിപ്പുകൾ എന്നിവയുടെയെല്ലാം രചനാമത്സരങ്ങൾ വിദ്യാരംഗത്തിന്റെ കീഴിൽ സംഘടിപ്പിക്കുന്നു.